കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചുനക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-1189/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

തീയതി: 13.09.2017

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചുനക്കര ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്ത്- 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി12 -1189/2017 തീയതി: 13.09.2017

# ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.12.2016 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2016 മുതൽ 31.03.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 18 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ 17എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ.ജി,<br>ഡെപ്യൂട്ടിഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.08.17മുതൽ 18.08.17 വരെ | ശ്രീമതി.പി.കെ വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)(9-8-2017മുതൽ )<br>ശ്രീമതി. എൻ സുജ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി. ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ചന്ദ്രശേഖരൻ .ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ശാന്താ ഗോപാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീമതി. റീത്താ പവിത്രൻ | 01.04.2016 മുതൽ 31.03.2017വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.രജിനി.പി | 01.04.2016മുതൽ 31.03.2017വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ലക്ഷ്മി | 01.04.2016മുതൽ 31.03.2017വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രഞ്ജു രാധാകൃഷ്ണൻ. | 01.04.2016മുതൽ 22-7-2016A.N.വരെ<br>23-7-2016F.N.മുതൽ 31-03.2017വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുധർമ്മ.പി | 01.04.2016മുതൽ 31.03.2017വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. റംലാ<br>ഡോ.ജസീമാ ബീഗം. | 01.04.2016മുതൽ 31.03.2017വരെ |
| 6 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി.വസുമതിയമ്മ | 01.04.2016മുതൽ 31.03.2017വരെ |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീല.ആർ | 01.04.2016മുതൽ 31.03.2017വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗിരിജാ രാജശ്രീ | 01.04.2016മുതൽ 31.03.2017വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ബിനോദ്.ജെ. | 01.04.2016മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11വരെ |
| | ഭാഗം 2 | |

| | | |
|---|---|---|
| 2 | ബിൽഡിംഗ് പെർമിറ്റ് - തറ വിസ്തീർണ്ണാനുപാതം കണക്കാക്കിയതിലെ അപാകം - 1.39 ലക്ഷം രൂപയുടെ നഷ്ടം | 2-1 |
| 3 | ടെണ്ടർ ഫീ തിരികെ ഈടാക്കിയില്ല – നഷ്ടം 15500/-രൂപ | 2-2 |
| 4 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത – അനധികൃത നിർമ്മാണത്തിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല | 2-3 |
| 5 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-4 |
| 6 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-5 |
| 7 | തൊഴിൽ നികുതി - ഓഡിറ്റ് നിർദ്ദേശ പ്രകാരം തുക അടവാക്കി | 2-6 |
| | ഭാഗം 3 | |
| 8 | അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-1 |
| 9 | സേവന നികുതി ഈടാക്കിയില്ല – നഷ്ടം 77644/-രൂപ | 3-2 |
| 10 | ആയുർവ്വേദ മരുന്നിന് പണം നൽകി - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 3-3 |
| 11 | പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നു ലഭ്യമായില്ല | 3-4 |
| 12 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-5 |
| 13 | സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ TSB അക്കൗണ്ട് തുടങ്ങണമെന്ന നിർദ്ദേശം പാലിച്ചില്ല | 3-6 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 3-7 |
| 15 | ബയോ ഗ്യാസ് പ്ലാന്റ് - വികസനഫണ്ട് വിഹിതം അധികം നൽകി | 3-8 |
| 16 | ഓണം അഡ്വാൻസ് തുക നാളിതുവരെ ക്രമീകരിച്ചില്ല | 3-9 |

| | | |
|---|---|---|
| 17 | ODF പ്രോഗ്രാം - പ്രത്യേക ഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരം സർക്കാരിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് എസ്.സി.പി. മേഖലയിൽ പ്രോജക്റ്റുകൾ ആവിഷ്കരിച്ചില്ല | 3-10 |
| | ഭാഗം 4 | |
| 18 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| 19 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27-3-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 130474759 | 122424948 |
| വാർഷിക കണക്കുപ്രകാരം | 49473816 | 42300530 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറക്ക് ബഡ്ജറ്റ് പുതുക്കി അംഗീകാരം വാങ്ങുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക |
|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10433887 | 9244672 |
| വികസനഫണ്ട് എസ്.സി.പി. | 6856686 | 5332972 |
| സംരക്ഷണഗ്രാന്റ് റോഡ് | 6264449 | 3123475 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2803623 | 2041216 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5852120 | 5187642 |
| പെർഫോമൻസ് ഗ്രാന്റ് | 2337947(centrel share)<br>805383(state share) | 1936746<br>229213 |
| എം.എൻ.ആർ. ഇ. ജി.എസ്. | 33345834 | 33345834 |
| ബി ഫണ്ട് | 48527855 | 48527855 |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 145 | 50723786 | 139 | 28299992 | 42 | 6 | 70% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 159ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2201384 | 5863593 | 3662209 | 166 |
| നികുതിയേതര വരവുകൾ | 595362 | 1379726 | 784364 | 132 |
| | 2796746 | 7243319 | 4446573 | 159 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി 4339 ഗുണഭോക്താക്കൾക്കായി താഴെപറയും പ്രകാരം 4,83,27,855/-രൂപ വിതരണം ചെയ്തു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 338880 | 202 |
| കർഷകതൊഴിലാളി പെൻഷൻ | 4493320 | 510 |
| വിധവാപെൻഷൻ | 8272510 | 887 |
| വാർദ്ധക്യകാലപെൻഷൻ | 32327725 | 2410 |
| വികലാംഗപെൻഷൻ | 2452330 | 283 |
| അവിവാഹിതപെൻഷൻ | 443090 | 47 |
| ആകെ | 48327855 | 4339 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-8-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39857/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം 2016-17ൽ കാര്യക്ഷമമായിരുന്നു. കമ്പ്യൂട്ടർ-അനുബന്ധ ഉപകരണങ്ങൾ, വാഹന പരിപാലനം സംബന്ധിച്ച് ആവശ്യമായ രജിസ്റ്ററുകൾ എന്നിവ സൂക്ഷിയ്ക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-7-2017 | 2017ജൂൺ. | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.12--18.08.12 | 2007-08/2011-12 | 25.10.2012 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബിൽഡിംഗ് പെർമിറ്റ് - തറ വിസ്തീർണ്ണാനുപാതം കണക്കാക്കിയതിലെ അപാകം-1.39 ലക്ഷം രൂപയുടെ നഷ്ടം

ഷാനവാസ് ഖാൻ, തുണ്ട് പറമ്പിൽ, ചാരുംമൂട് എന്ന വ്യക്തിയ്ക്ക് 5 നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനു c1 -6301/16 തീയതി, 21-03-17 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണാനുപാതം കണക്കാക്കിയതിൽ ന്യൂനത സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പ്ലാനിലെ അളവുകൾ പ്രകാരം കെട്ടിടത്തിന്റെ രണ്ടാം നിലയുടെ വിസ്തീർണ്ണം 340.04 ച.മീ ഉണ്ട്. എന്നാൽ പ്രസ്തുത നിലയുടെ തറവിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളത് 303.20 ച.മീ. മാത്രമാണ്.

2) സ്റ്റെയർ ക്യാബിൻ ഏരിയ 25.72 ച.മീ. തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) കെ.പി, ബി.ആർ 2011 റൂൾ 8 പ്രകാരം ബാൽക്കണിയുടെ വിസ്തീർണ്ണത്തിന്റെ 50 % തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഉൾപ്പെടുത്തുമ്പോൾ നാലു നിലകളിലായി 66.09എം$^2$ (27.54 x 1.20x4/2) തറ വിസ്തീർണ്ണത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതാണ്.

മേൽ വിവരിച്ചു പ്രകാരം ആകെ തറവിസ്തീർണ്ണം ചുവടെ ചേർക്കും പ്രകാരം കണക്കാക്കാവുന്നതാണ്.

| | |
|---|---|
| ബേസ്മെന്റ് ഫ്ളോർ | 292.75 |
| ഗ്രൗണ്ട് ഫ്ളോർ | 356.56 |
| ഒന്നാം നില | 356.56 |
| രണ്ടാം നില | 356.56 |
| മൂന്നാം നില | 356.56 |
| സ്റ്റെയർ ക്യാബിൻ ഏരിയ | 25.72 |
| ആകെ | 1744.71ച.മീ. |

ഡിഡക്ഷൻ 337.138 (ലിഫ്റ്റ്, ഡക്ട്, പാർക്കിംഗ് എന്നിവയുടെ ഏരിയ)

FAR കണക്കാക്കാവുന്ന ഏരിയ = 1744.71 – 337.138 = 1407.57ച.മീ.

അനുവദനീയമായ FAR = 1.75

അനുവദനീയമായ വ്യാപ്തി = 1.75 x 627.28 (പ്ളോട്ട് വിസ്തീർണ്ണം)

= 1097.74

അധിക തറ വിസ്തീർണ്ണം = 1407.57 – 1097.74 = 309.83

ഈടാക്കേണ്ട ഫീസ് = 309.83 x 500 = 154915

ഈടാക്കിയ ഫീസ് - 15682 (രശീത് നം 11609105613 / 21.03.17)

കുറവ് ഫീസ് ഈടാക്കിയതിന് വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 14/17.08.17) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ, ബാൽക്കണിയായി പ്ളാനിൽ കാണിച്ചിട്ടുള്ള ഭാഗം വെദർ ഷെയിഡായി കണക്കാക്കാവുതാണെന്നും, രണ്ടാം നിലയിലെ ഏരിയ തെറ്റായി കണക്കാക്കിയതിലാണ് കുറവു വന്നതെന്നും, സ്റ്റെയർ ക്യാബിൻ ഉൾപ്പെടുത്തി അധിക ഫീസ് ഈടാക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ പ്ളാൻ പരിശോധിച്ചാൽ വരാന്ത/ബാൽക്കണിയായി കാണിച്ചിരിക്കുന്ന ഭാഗം വെദർ ഷെയിഡായി കണക്കാക്കാവുന്നതല്ല എന്നു വ്യക്തമാണ്. എല്ലാ മുറികളിൽ നിന്നും ബാൽക്കണിയിലേക്ക് പ്രവേശിക്കുന്നതിനു വാതിലുകൾ നൽകിയിട്ടുള്ളതും സഞ്ചാരപാതയായി ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. ആകയാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാവുന്നതല്ല. അധിക തറവിസ്തീർണ്ണത്തിനു ഈടാക്കേണ്ട ഫീസിൽ കുറവു വന്ന 139233 രൂപ (154915 – 15682) അടിയന്തിരമായി ഈടാക്കേണ്ടതാണ്. ഇതോടോപ്പം കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് പുനർ നിർണ്ണയിച്ച് വ്യത്യസം ക്രമീകരിക്കേണ്ടതുമാണ്

## 2-2 ടെണ്ടർഫീ തിരികെ ഈടാക്കിയില്ല - നഷ്ടം 15500രൂപ

2016-17സാമ്പത്തിക വർഷം ചുനക്കര ഗ്രാമപഞ്ചായത്ത് e-tender ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച രൂപയും വാറ്റും ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ട്രാൻസ്ഫർചെയ്ത ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുവരവായതിനാൽ തിരികെ ഈടാക്കേണ്ടതാണ്. തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർഫീസ് |
|---|---|---|---|---|
| 1 | വിളയിൽകോളനി കുടിവെള്ളപദ്ധതി. | | 1 | 1x500=500 |
| 2 | കോട്ടമുക്ക് ടെമ്പിൾറോഡ് മെയിന്റനൻസ്. | | 3 | 3x2500=7500 |
| 3 | പുളിവേലിൽമുക്ക് പുത്തുർമുക്ക് റോഡ്. | | 5 | 5x500=2500 |
| 4 | കോട്ടമുക്ക ചുനക്കര ടെമ്പിൾ റോഡ്. | | 2 | 2x2500=5000 |
| ആകെ | | | | 15500 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ (നം.2).ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റി കിട്ടുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്തു നൽകിയിട്ടുള്ളതായി അറിയിച്ചു. തുക ഈടാക്കി വിവരം അറിയിക്കണ്ടതാണ്.

## 2-3 വസ്തു നികുതി നികുതി നിർണ്ണയത്തിലെ അപാകത - അനധികൃത നിർമ്മാണത്തിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ ന്യൂനതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. കെട്ടിടങ്ങൾ നേരിൽ പരിശോധിച്ചതിൽ നിന്നും ഇവയോടനുബന്ധിച്ച് അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായും കാണുന്നു.

1) സദാശിവൻ/രാധ, വിളയശ്ശേരിൽ, ചുനക്കര നടുവിൽ എന്നീ വ്യക്തികൾ രണ്ടു നിലകളുള്ള 97.20m$^2$ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനു c1-4969/15 തീയതി,14/12/15 നമ്പരിൽ പെർമിറ്റ് എടുത്തിരുന്നു. 09/05/16 ൽ ടിയാൻ കെട്ടിടം പൂർത്തീകരിച്ചതായി കാണിച്ച് അപേക്ഷ നൽകി. എന്നാൽ പുതുക്കിയ പ്ലാനിൽ 109.04m$^2$ നിർമ്മിച്ചതായി കാണിച്ചിട്ടുണ്ട്. എന്നാൽ 58m$^2$ കെട്ടിടത്തിന്റെ നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്. വരാന്ത, ടൊയ് ലറ്റ്, സ്റ്റെയർ എന്നിവ ഒഴിവാക്കിയതായി കാണുന്നു. 2011 ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം, ഒരു കെട്ടിടത്തിന്റെ മേൽക്കൂരയുള്ള കെട്ടിട ഭാഗങ്ങളെല്ലാം വസ്തുനികുതി കണക്കാക്കുന്നതിനുള്ള തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതനുസരിച്ച് 109m$^2$ കെട്ടിടത്തിനും നികുതി നിർണ്ണയം നടത്തേണ്ടതായിരുന്നു. തെറ്റായി നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ 2737/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം നേരിൽ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഇല്ലാതെ മൂന്നാം നില പൂർത്തീകരിച്ചതായും, നിലവിലുള്ള കെട്ടിത്തിന്റെ മുൻഭാഗം ഇറക്കി നിർമ്മിച്ച് കടമുറിയായി ഉപയോഗിച്ച് വരുന്നതായും കാണുന്നു.

2) നിജു അമ്പനാട്ട്, അമ്പനാട്ട് വിളയിൽ, ചാരുംമൂട് എന്ന വ്യക്തി 208.16m$^2$ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനു c1-4365/15 dt 28-10-15 പ്രകാരം പെർമിറ്റ് എടുത്തിരുന്നു. 23-11-16 ൽ കെട്ടിടം പൂർത്തീകരിച്ചതായി കാണിച്ച് അപേക്ഷ നൽകി. കംപ്ളീഷൻ പ്ളാനിലെ അളവുകൾ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 209.24m$^2$ ആകുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ കെട്ടിടം അളന്നു പരിശോധിച്ചതിൽ കെട്ടിടത്തിനു 202.66m$^2$ വിസ്തീർണ്ണം ഉള്ളതായി കാണുന്നു. എന്നാൽ 177 ച.മീറ്റർ ഏരിയ കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടം നേരിൽ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് ഇല്ലാതെ രണ്ടാം നിലയുടെ നിർമ്മാണം നടന്നു വരുന്നതായി കാണുന്നു.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.16, 17/17.08.17) സെക്രട്ടറി നൽകിയ മറുപടിയിൽ ടി കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതാണെന്നും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. 5/17 നമ്പർ ഓഡിറ്റന്വേഷണത്തിന് മറുപടിയായി പഞ്ചായത്ത് പരിധിയിൽ 13 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50

മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/16.8.17) മറുപടിയായി കേന്ദ്ര നിയമം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 തൊഴിൽ നികുതി - ഓഡിറ്റ് നിർദ്ദേശ പ്രകാരം തുക അടവാക്കി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഗവ.വി.എച്ച്.എസ്.എസ്. ചുനക്കര എന്ന സ്ഥാപനത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ 2-ാം അർദ്ധ വാർഷിക തൊഴിൽ നികുതി 24750/-രൂപ പിഴപ്പലിശ 1485/-രൂപ ഉൾപ്പെടെ 26235/-രൂപയും, ടെക്നിക്കൽ അസിസ്റ്റന്റ്, എം.എൻ.ആർ.ഇ.ജി.എസ്. ഉദ്യോഗസ്ഥർ എന്നിവരുടെ 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി (രണ്ട് അർദ്ധവർഷത്തേയും) 2165/-രൂപ, 8145/-രൂപ (പിഴപ്പലിശ ഉൾപ്പെടെ) എന്നിവ യഥാക്രമം 11.08.17ലെ രസീത് നം.117090500006, 11709010145, 117090101467 എന്നിവ പ്രകാരം (ആകെ 36545/-രൂപ അടവാക്കി). ഓഡിറ്റ് അന്വേഷണം നൽകിയതിന്റെയടിസ്ഥാനത്തിൽ (നം.7/10.08.2017) അടവാക്കി.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന ചെറുകിടകുടിവെള്ള പദ്ധതികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ചുനക്കരവടക്ക് പുത്തുരേത്ത്ഭാഗം കുടിവെള്ളപദ്ധതി (പ്രോജക്ട്നം.40/17), വർഷധാരാ കുടിവെള്ള പദ്ധതി പ്രോജക്ട്നം.(141/17) എന്നീ പ്രോജക്ടുകൾ സോഷ്യോ എക്കണോമിക് യൂണിറ്റ് എന്ന അക്രഡിറ്റഡ് എജൻസി വഴിയാണ് നടപ്പിലാക്കുവാൻ കരാർ വച്ചിട്ടുള്ളത്. ഈ പ്രവർത്തികൾക്കായി താഴെ പറയും പ്രകാരം അഡ്വാൻസും നൽകിയിട്ടുണ്ട്.

ചുനക്കരവടക്ക് പുത്തുരേത്ത്ഭാഗം കുടിവെള്ളപദ്ധതി-300000രൂപ (ബിൽ.നം.28-2-2017), വർഷധാരാ കുടിവെള്ളപദ്ധതി-100000 രൂപ.(ബിൽനം.73/17 DT.31-3-2017). എന്നാൽ GO(P).NO.311/2014 DT.30-7-2014 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് പൊതുമരാമത്ത് വർക്കുകൾ നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പുതുക്കി നിശ്ചയിച്ചിരുന്നത് പ്രകാരം പാലിച്ചിട്ടില്ല

പ്രസ്തുത ഉത്തരവ് ഖ.നം.13 പ്രകാരം ഈ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഏജൻസിയുമായി കരാർ വയ്ക്കണമെന്നും, പ്രവർത്തിക്ക് ഒരു നിശ്ചിത ഡിഫക്റ്റ് ലയബിലിറ്റി പിരീഡും, 5വർഷത്തെ നിരീക്ഷണ കാലാവധിയും നിശ്ചയിച്ച് കരാറിൽ ഉൾപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ സോഷ്യോ എക്കണോമിക് യൂണിറ്റ് വഴി കുടിവെള്ള പദ്ധതികൾ

നടപ്പിലാക്കിയപ്പോൾ G.O(P)നം.1252/12 ത.സ്വ.ഭ.വ. ഉത്തരവു പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായാണ് കരാർ വെയ്ക്കുന്നത് എന്നാണ് എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് അക്രഡിറ്റഡ് ഏജൻസികളുടെ മാനേജ്മെന്റ് ചാർജ്ജ് സംബന്ധിച്ചുള്ള ഉത്തരവ് മാത്രമാണ്. കരാർ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവച്ച് ആധികാരികമാക്കിയിട്ടുമില്ല.

അക്രഡിറ്റഡ് എജൻസികൾ വഴിയുള്ളമരാമത്ത് വർക്കുകൾക്ക് അഡ്വാൻസായി 20% വും തുടർന്നുള്ള പ്രവർത്തികൾക്ക് യഥാർത്ഥത്തിൽ ചെയ്ത പ്രവർത്തിയുടെ മൂല്യം എസ്റ്റിമേറ്റ് തുകയുടെ 15% ത്തിൽ ലിമിറ്റ്ചെയ്ത് 5ഗഡുക്കളായി നൽകാവുന്നതും ബാക്കിയുള്ള 5% പെർഫോമൻസ് ഗ്യാരന്റിയായ് ഒബ്സർവേഷൻ പിരീഡ് കഴിയുന്നതുവരെ സൂക്ഷിക്കണമെന്നും അതിനുശേഷം മാത്രമേ റിലീസ് ചെയ്യാൻപാടുള്ളൂ എന്നും ഖ.14ൽ വിശദമാക്കിയിട്ടുണ്ട്. ഈ നിബന്ധനകൾ ഒന്നും തന്നെ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള (No.9) മറുപടിയിൽ പുതുക്കിയ മാർഗ്ഗരേഖ ശ്രദ്ധയിൽപ്പെടാതിരുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്നും, സപ്ലിമെന്ററി കരാർവച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നും ഈ രണ്ടു പ്രവർത്തികളും തൃപ്തികരമായി പുരോഗമിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച് അറിയിക്കുന്നതുവരെയും അഡ്വാൻസായി നൽകിയ 4,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

സർക്കാർ ഉത്തരവ് ശരിയായ വിധത്തിൽ പാലിക്കാത്തതുമൂലം പ്രവർത്തികൾക്ക് ഒബ്സർവേഷൻ പിരീഡിനുള്ളിൽ സംഭവിക്കുന്ന അപാകതകൾ നിർവ്വഹണ ഏജൻസി പരിഹരിക്കാൻ തയ്യാറാകാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത നഷ്ടം ശരിയായ രീതിയിൽ കരാർ വയ്ക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കും.

## 3-2 സേവന നികുതി ഈടാക്കിയില്ല - നഷ്ടം 77644രൂപ

ഗ്രാമ പഞ്ചായത്ത് 2016-17 വർഷം ചെലവു നടത്തിയിട്ടുള്ള താഴെ പറയുന്ന മരാമത്തുവർക്കുകളിൽ സേവനനികുതി ഇനത്തിൽ ഒടുക്കേണ്ട തുകൾ ഒടുക്കുവരുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഈ വർക്കുകളുടെ ഫൈനൽ ബിൽ നൽകിയിട്ടില്ല എന്നും ഫൈനൽബിൽ പേയ്മെന്റ് വേളയിൽ നിയമാനുസൃത നികുതി ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സേവനനികുതി ഇനത്തിൽ ഒടുക്കാനുള്ള തുക കരാറുകാരനിൽ നിന്നും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും തുല്യമായി ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

## 3-3 ആയുർവേദ മരുന്നിന് പണം നല്കി - മരുന്ന്പൂർണ്ണമായും ലഭിച്ചില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട്നം.66/17) 500000രൂപ ഔഷധിക്ക് നൽകിയിരുന്നു. എന്നാൽ താഴെ പറയും പ്രകാരമുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ബാക്കി മരുന്നു ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നു ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ ഉത്തരവാദിത്വം ഔഷധി എറ്റെടുക്കുന്നതായുള്ള ഔഷധി ജനറൽ മാനേജരുടെ കത്ത് ഹാജരാക്കുകയുണ്ടായി. താമസംവിനാ മരുന്നു ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുമുണ്ട്. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 4755/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമനം. | ബിൽനം.&തീയതി | തുക | ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നിന്റെ വില | ബാക്കി. |
|---|---|---|---|---|
| 1 | 1/2017തീ.20-12--2016 | 500000 | No.1455 dt.31-12-2016പ്രകാരം 318272 രൂപ | |
| | | | N0.2225 dt.27-2-2017 പ്രകാരം 100196രൂപ | |
| | | | N0.2382 dt.16-3-2017 60198രൂപ | |
| | | | No.2621 dt.31-3-2017 11583രൂപ | |
| | | | No.1955 dt.19-6-2017 4996രൂപ. | 4755രൂപ |

## 3-4 പാലിയേറ്റീവ് കെയർ പ്രോജക്ട്-മരുന്നു ലഭ്യമായില്ല

S-51/17നമ്പരായി അംഗീകാരം ലഭിച്ച പാലിയേറ്റീവ് കെയർ പ്രോജക്റ്റിനായി വകയിരുത്തിയിരുന്ന തുകയിൽ 30000/-രൂപ മരുന്നിനായി ബിൽ നം.3/16-17 തീയതി,28-2-2017പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിരുന്നു. നാളിതുവരെ മരുന്നു ലഭിച്ചിട്ടില്ലാത്തതായി എൻക്വയറി നം.4നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 30000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി (നം.67/17) ബിൽനം.2/16-17 dt.22-12-2017 ൽ 100000/-രൂപ ഹോംകോക്ക് നൽകിയിരുന്നു. എന്നാൽ 57585/-രൂപക്കുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി മരുന്നിന്റെ വിലയായ 42415/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ TSBഅക്കൌണ്ട് തുടങ്ങണമെന്ന നിർദ്ദേശം പാലിച്ചില്ല

G.O.(P)no.7/2017 തീയതി, 23-1-2017 പ്രകാരം സംയുക്തപ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. ഇത് പ്രകാരം സംയുക്തപ്രോജക്ടുകൾക്കായി ട്രഷറിയിൽ ഒരു സ്പെഷ്യൽ TSBഅക്കൌണ്ട് തുടങ്ങണമെന്നും മറ്റുഫണ്ടുകൾ ഇതിൽ നിക്ഷേപിക്കാൻ പാടില്ല എന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ചുനക്കര ഗ്രാമ പഞ്ചായത്ത് നാളിതുവരെ സംയുക്ത പ്രോജക്ടുകൾക്കായി ഇപ്രകാരം ഒരു സംയുക്ത അക്കൌണ്ട് തുടങ്ങിയിട്ടില്ല. 2016-17വർഷം 4 സംയുക്ത പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു എങ്കിലും I.C.D.S സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയത്. ഈ പ്രോജക്ടിനായി ബ്ലോക്ക് വിഹിതം ജില്ലാപഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിൽ 116925/-രൂപ വീതം ലഭിച്ചത് തനതുഫണ്ടിനായുള്ള ട്രഷറി TSBഅക്കൌണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മറ്റു പ്രോജക്ടുകൾക്കായുള്ള തുക ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്കായി സ്പെഷ്യൽ TSB അക്കൌണ്ട് തുടങ്ങേണ്ടതും മാർഗ്ഗനിർദ്ദേശ പ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതുമാണ്.

## 3-7 ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-2006-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനായി 13-01-2010 ൽ 58608/DB2/2009/LSGD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് യാതൊരുനടപടിയും സ്വീകരിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധനയിൽ, രജിസ്റ്ററിൽ റോഡുകളുടെ നീളം, വീതി, കാര്യേജ് വേ ഇവ കൃത്യമായിക്കാണിക്കാതിരിക്കുക, ഒരു റോഡ് പല റോഡുകളായി മുറിച്ചുകാണിക്കുക, കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരണം നൽകാതിരിക്കുക, ആസ്തികൾ നിർമ്മിച്ച വർഷം, ചെലവുതുക ഇവ രേഖപ്പെടുത്താതിരിക്കുക, നിലവിലുള്ള ആസ്തികളിൽ പലതും രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങി അനേകം അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെയുണ്ട്.

തദ്ദേശ സ്വയംഭരണ സ്വാപനത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ പ്രത്യേക ഫാറത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു എങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷാരംഭത്തിൽ മൊബൈൽ മാപ്പിംഗ് വഴി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് കർശ്ശന നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ഇത് സംബന്ധിച്ച നടപടികൾ ഒന്നും തുടങ്ങിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തി കളുടെ കൃത്യമായ കണക്കുകൾ വാർഷിക കണക്കിന്റെ കൃത്യതക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തിരജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-8 ബയോ ഗ്യാസ് പ്ലാന്റ് - വികസനഫണ്ട് വിഹിതം അധികം നൽകി

പ്രോജക്ട് നമ്പർ - S00115/17

നിർവ്വഹണം - വി.ഇ.ഒ.

അടങ്കൽ - ശുചിത്വമിഷൻ വിഹിതം - 212500

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 106250

ഗുണഭോക്തൃവിഹിതം - 106250

ചെലവ് - 1,06,250/- (ബിൽ നമ്പർ XIV/16-17 തീയതി,28.3.17)

പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 16-17 വർഷം 22 ഗുണഭോക്താക്കളാണ് ബയോ ഗ്യാസ് പ്ലാന്റിനായി ഗുണഭോക്തൃവിഹിതം 46750 രൂപ (22 x 2125) ഒടുക്കിയിട്ടുള്ളത്. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 1,06,250/- രൂപ നിർവ്വഹണ ഏജൻസിയായ സോഷ്യോ എക്ക്ണോമിക് യൂണിറ്റ്, ആലപ്പുഴയ്ക്ക് നൽകിയിരുന്നു. ഇവർക്കായി നൽകേണ്ട വികസനഫണ്ട് വിഹിതം 46750/- രൂപയാണെന്നിരിക്കെ 59500 രൂപ (106250 – 46750) അധികമായി നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച 46750/-രൂപ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുമില്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 11/16.8.17 നൽകിയതിനുള്ള മറുപടിയിൽ 16-17 വർഷം പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കേണ്ടതിനാലും പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ ഓരോ ഫണ്ടിന്റേയും അനുപാതങ്ങൾ പാലിച്ചാൽ മതിയെന്നുമുള്ള ധാരണയിലാണ് 1,06,250/- രൂപ നൽകിയതെന്നുമാണ്. 2017-18 വർഷം ഈ പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടാക്കിയിട്ടുണ്ടെന്നും ബാക്കി 28 പേരുടെ ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുണ്ടെന്നും ഈ വർഷം

പ്രോജക്റ്റ് നടപ്പിലാക്കുന്നതിനാൽ വികസനഫണ്ടിന് നഷ്ടമുണ്ടായിട്ടില്ലന്നുമാണ്. പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഫണ്ട് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഓണം അഡ്വാൻസ് തുക നാളിതുവരെ ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീജിത്തിന് നൽകിയ 15000 ഓണം അഡ്വാൻസ് തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് പഞ്ചായത്ത് നൽകിയ വിശദീകരണം ടിയാൻ മാന്നാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയതിനാലാണ് അഡ്വാൻസ് തുക തിരികെ ഈടാക്കാൻ കഴിയാതിരുന്നതെന്നാണ്. സ്ഥലംമാറ്റം ലഭിച്ചുപോയ സ്ഥാപനത്തിൽ ടിയാന്റെ ശമ്പളത്തിൽ നിന്നും പ്രസ്തുത തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇല്ലാത്തപക്ഷം ടിയാനിൽ നിന്നും ടി തുക പിഴപ്പലിശ സഹിതം ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ODF പ്രോഗ്രാം-പ്രത്യേകഘടക പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പകരം സർക്കാരിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് എസ്.സി.പി മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല

സംസ്ഥാനത്തെ പൂർണ്ണമായും ODF(Open Defication Free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തിഗത ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 27/08/16-ലെ സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ തുക പിന്നീട് ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകൾക്ക് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകും. ഇതനുസരിച്ച് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടേയും തിരികെ ലഭിച്ച തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വികസന ഫണ്ട് ചെലവ് | ശുചിത്വമിഷൻ വിഹിതമായി ലഭിക്കേണ്ട തുക | തിരികെ ലഭിച്ച തുക | തിരികെ ലഭിച്ച തുകയുടെ നാളിതു വരെയുള്ള ചെലവ് വിവരം |
|---|---|---|---|---|
| 1 | പൊതു വിഭാഗം-<br>1678600 | 1308000 | 1020240 | ഇല്ല |
| 2 | പ്രത്യേക ഘടക പദ്ധതി ഫണ്ട്-<br>1786400 | 1392000 | 1085760 | എസ്.സി.പി-102186 |
| ആകെ | 3465000 | 2700000 | 2106000 | 102186 |

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ്. 2016-17 വർഷം ഡി.പി.സി അംഗീകാരം ലഭിച്ച എസ്.സി.പി വിഭാഗം പി.എം.എ.വൈ.പ്രോജക്ടിനായി 102186/-രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ തുക ഉപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധന - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക കണക്കു പരിശോധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a)രശീത് & പേയ്മെന്റ് അക്കൌണ്ട്

മുന്നിരിപ്പ് - 3207061

വരവ് - 49473816

ആകെ - 52680877

ചെലവ് - 42300530

നീക്കിയിരുപ്പ് -10380347

b) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

ആദായം - 120779365

(-)ചെലവ് - 122046551

ഡെഫിസിറ്റ് - 1267186

c) ബാലൻസ് ഷീറ്റ്

31-03-17 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

ആകെ ആസ്തി - 42636427

(-) ആകെ ബാധ്യത - 41423900

പഞ്ചായത്ത് ഫണ്ട് - 1212527

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനത ചുവടെ ചേർക്കുന്നു.
വസ്തുനികുതി ഇനത്തിലെ തൻവർഷത്തെ ആകെ ഡിമാന്റ് (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) ഷെഡ്യൂൾ I-1 പ്രകാരം 3058573/-രൂപയും കളക്ഷൻ RP43 പ്രകാരം 2532721/-രൂപയുമാണ്. ഇതുപ്രകാരം ബാലൻസ് 525852/-രൂപയാണ്. എന്നാൽ B-15ൽ 552145/-രൂപ ബാലൻസ് കാണിച്ചിരിക്കുന്നു.

സാംഖ്യാടിസ്ഥാനത്തിനുള്ള അക്കൌണ്ടിംഗ് സമ്പ്രദായം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിനു മുൻപുണ്ടായിരുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇക്കാരണത്താൽ ഷെഡ്യൂൾ B-11 പ്രകാരമുള്ള ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 116925 | *ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.* | 116925 | - |
| ജില്ലാപഞ്ചായത്ത്. | 2016-2017 | 116925 | *ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.* | - | 116925 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി. | പ്രവൃത്തിയുടെ പേര് | ഡി.ഡി.നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്സ്ഇ.ബി, ചാരുംമൂട്. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | അക്കൌണ്ട് ട്രാൻസ്ഫർ | 143153 | 143153 | - |
| കെ.എസ്സ്.ഇ.ബി, കറ്റാനം. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | അക്കൌണ്ട് ട്രാൻസ്ഫർ | 18386 | 18386 | - |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-- ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 747/2010/ തീയതി, 5/3/2010 | 13355000 | 1405106 | 1402661 | | 2445l |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-24-1(2) | 2005-06, 2006-07 | 91 | പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള | RR നടപടി സ്വീകരിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതിയുടെ കൺവീനർക്കെതിരെ RR നടപടി സ്വീകരിക്കുന്നത് | |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52680877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42300530 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 139233 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | NIL |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 477170 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 139233 | | ബിനോദ്.ജെ,<br>അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 400000 | ബിനോദ്.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 4755 | ജസീമ ബീഗം,<br>ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| 3-4 | 30000 | സുധർമ്മ.സി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5 | 42415 | ജസീമ ബീഗം, ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| ആകെ | 477170 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-2 | 77644 | ബിനോദ്.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റീത്താ പവിത്രൻ | സെക്രട്ടറി. | പവിത്രം,കട്ടച്ചിറ.പി.ഒ. |
| ബിനോദ്.ജെ. | അസിസ്റ്റന്റ് എൻജിനീയർ ചുനക്കര ഗ്രാമപഞ്ചായത്ത്. | ബിനുഭവനം, പുന്നമൂട്, പള്ളിച്ചൽ, തിരുവനന്തപുരം. |
| ജസീമബീഗം. | മെഡിക്കൽ ഓഫീസർ, ആയുർവേദം. | തെറ്റിക്കുഴി തോപ്പിൽകിഴക്കതിൽ പള്ളിക്കൽ.പി.ഒ. നൂറനാട്. |
| സുധർമ്മ.സി.പി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഉദയംവെളി, അരൂർ.പി.ഒ. ആലപ്പുഴ. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |

| | |
|---|---|
| 2000-01 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011/31.03.2011 |
| 2010-11,11-12 | എൽ.എഫ്.പി.6/370/2014/23.06.2014/08.08.2014 |
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2013-14 | കെ.എസ്.എ.എ.എൽ.പി./പി.6-1080/2015/18.09.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./പി.12-820/2016/26.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി./പി.12/1538/16 /27.12.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി12-1189/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 13.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P12-1189/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 13.09.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chunakkara Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chunakkara Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

.

Deputy Director

Kerala State Audit Department

Alappuzha